# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of 04/26 ($236^{th}$) Meeting of the Syndicate held on 13.08.2026 at 1.30 p.m at University Head Quarters, Kalady

**Meeting Link: meet.google.com/xyx-uixw-bcv**

**Members Present:**

1. ഡോ. സിസ തോമസ്, - ഒപ്പ്
   വൈസ് ചാൻസലർ, അദ്ധ്യക്ഷ
2. ശ്രീ കെ.കെ.കൃഷ്ണകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
3. അഡ്വ.കെ.ബി.സാബു, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. പി.രാധാകൃഷ്ണൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. സലാഹുദ്ദീൻ പി.എം. സിൻഡിക്കേറ്റംഗം - ഒപ്പ്
6. ശ്രീ. കിരൺ റെജി, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ശ്രീ. അനിസൺ കെ. ജോയ് , സിൻഡിക്കേറ്റംഗം - ഒപ്പ്
8. ശ്രീ. സുനി കെ.പി., സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. ജിനിത കെ.എസ്., സിൻഡിക്കേറ്റംഗം - ഒപ്പ്
10. ഡോ. വിനീത് ആർ എസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
11. പ്രൊഫ. കെ ഉണ്ണികൃഷ്ണൻ , സിൻഡിക്കേറ്റംഗം - ഒപ്പ്
12. ഡോ. സിന്ധു അന്തർജനം, സിൻഡിക്കേറ്റംഗം - ഒപ്പ്
13. ഡോ.ശ്രീകലാ ദേവി എസ്., സിൻഡിക്കേറ്റംഗം - ഒപ്പ്
14. ശ്രീ.സുനിൽകുമാർ എസ്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
15. ശ്രീ.സി.സി.ഉദയൻ, സിൻഡിക്കേറ്റംഗം - ഓൺലൈൻ

കൂടാതെ കൺവീനറായി ഡോ. ലാൻസ്‌ലറ്റ് ടി.എസ്. (രജിസ്ട്രാർ ഇൻ ചാർജ്ജ്) പങ്കെടുത്തു.

## MAIN AGENDA

**Item No. 1**

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

തൃപ്പൂണിത്തുറ ഗവ. സംസ്കൃത കോളേജിലെ സംസ്കൃത ന്യായവിഭാഗം അസോസിയേറ്റ് പ്രൊഫസറും സംസ്കൃത സർവകലാശാല പൂർവ വിദ്യാർത്ഥിയും ഗസ്റ്റ് അധ്യാപകനുമായിരുന്ന ശ്രീ വി ശംഭു പോറ്റിയുടേയും മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെയും നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

എല്ലാ വിശിഷ്ട വ്യക്തികളുടെയും സ്മരണയ്ക്കും ആദരസൂചകമായും ഒരു മിനിറ്റ് മൗനം ആചരിക്കുവാൻ എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

17.07.2026 തീയതിയിലെ 235-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

നന്മ മരം ഗ്ലോബൽ ഫൗണ്ടേഷന്റെയും വനം വകുപ്പിന്റെയും സഹകരണത്തോടെ, കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹിക വനവൽക്കരണം ശക്തിപ്പെടുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി ജൂലൈ 14 ന് പന്മന കാമ്പസിൽ "മധുരവനം" പദ്ധതിക്ക് തുടക്കം കുറിച്ചു. വനംവകുപ്പ് മന്ത്രി ശ്രീ. ഷിബു ബേബി ജോൺ ഉദ്ഘാടനം നിർവഹിച്ചു. പരിസ്ഥിതി സംരക്ഷണ രംഗത്തെ ശ്രദ്ധേയമായ സംഭാവനകൾ പരിഗണിച്ച് "വനമിത്ര" പുരസ്കാര ജേതാവായ ശ്രീ. ജേക്കബ് എസ്. മുണ്ടപ്പള്ളിയെ സർവകലാശാല വൈസ് ചാൻസലർ ഡോ. സിസ തോമസ് ആദരിച്ചു.

ഹിന്ദി വിഭാഗത്തിൽനിന്നും വിരമിച്ച പ്രൊഫ. ശാന്തി നായർക്ക് സാഹിത്യരംഗത്തെ സംഭാവനകളും നേട്ടങ്ങളും പരിഗണിച്ച് പ്രശസ്തമായ മിത്രേഷ് സിംഗ് പ്രയാഗ് പഥ് സാഹിത്യ പുരസ്കാരം ലഭിച്ചു.

സർവകലാശാലയിലെ ബുദ്ധിസ്റ്റ് സ്റ്റഡീസ് സെന്റർ, കാലടി എസ്.എൻ.ഡി.പി. പബ്ലിക് ലൈബ്രറിയുമായി സഹകരിച്ച് ജൂലൈ 1-ന് "Puthuvype Era and Pallys of Kochi" എന്ന വിഷയത്തിലും ആഗസ്റ്റ് 5-ന് "Enlightenment Modernity of Kerala : Guru, Ayyankali and Sahodaran" എന്ന വിഷയത്തിലും സെമിനാറുകൾ സംഘടിപ്പിച്ചു.

പൂർവ വിദ്യാർത്ഥിനിയായിരുന്ന ലിമിഷ അഷ്റഫിന്റെ സ്മരണാർത്ഥം മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 15-ന് അനുസ്മരണ പ്രഭാഷണം സംഘടിപ്പിച്ചു.

ഫിലോസഫി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "Land Ethic Revisited: Ecology, Justice and Human Obligations" എന്ന വിഷയത്തിൽ ജൂലൈ 16-ന് അക്കാദമിക് പ്രഭാഷണം സംഘടിപ്പിച്ചു.

ജൂലൈ 8-ന് നാടകവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പ്രശസ്ത മലയാള സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ "ശിങ്കിടിമുങ്ങൻ" എന്ന ചെറുകഥയുടെ നാടകാവിഷ്കാരം അവതരിപ്പിച്ചു.

നാലുവർഷ Integrated Teacher Education Programme (ITEP) 2026-30 batch Induction Programme ഓഗസ്റ്റ് 10 ന് രജിസ്ട്രാർ ഡോ. ടി.എസ്. ലാൻസലറ്റ് ഉദ്ഘാടനം ചെയ്തു.

എല്ലാ അംഗങ്ങളെയും അജണ്ടകളിൽ വിശദമായ ചർച്ചകൾക്കായി ക്ഷണിക്കുന്നു.

**Item No. 2**

07.10.2025 തീയതിയിലെ 25-26 അധ്യയന വർഷത്തെ സർവകലാശാല/ക്യാമ്പസ് യൂണിയൻ തെരഞ്ഞെടുപ്പിന് ശേഷം ക്യാമ്പസിൽ വിജയാഹ്ലാദ പ്രകടനത്തിലുണ്ടായ സംഘർഷാവസ്ഥയെ കുറിച്ചും ഭാവിയിൽ ഇത്തരം സംഘർഷം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് (No.04062/SSC2/SSUS/2025(1))

സ്റ്റുഡന്റ്സ് വെൽഫെയർ കമ്മിറ്റിയുടെ ശിപാർശ തേടാൻ തീരുമാനിച്ചു

**Item No. 3**

സർവകലാശാല യൂണിയൻ കലോത്സവത്തിന്റെ നിലവിലെ ബൈലോ (2015) ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് (No. 00769/SSC2/SSUS/2025(1))

സ്റ്റുഡന്റ്സ് വെൽഫെയർ കമ്മിറ്റിയുടെ ശിപാർശ തേടാൻ തീരുമാനിച്ചു

**Item No. 4**

നോർത്ത് പറവൂർ അഡിഷണൽ ജില്ലാ കോടതി മുൻപാകെ ശ്രീ. കെ ഐ കുഞ്ഞുമുഹമ്മദ് ഫയൽ ചെയ്ത 2021 ലെ 43 നമ്പർ അപ്പീൽ സ്യൂട്ടിലെ 10.06.2025 തീയതിയിലെ വിധിക്കെതിരെ രണ്ടാം അപ്പീൽ ഫയൽ ചെയ്യുന്നതിന് കോർട്ട് ഫീ ഇനത്തിൽ 2,17,215/- രൂപ കൂടി അനുവദിച്ച ബഹു വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച് (No. 03126/LEG1/SSUS/2025(1))

സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ തേടാൻ തീരുമാനിച്ചു

**Item No. 5**

സസ്പെൻഷനും അച്ചടക്ക നടപടിയും നേരിട്ട സംസ്കൃത ന്യായം വകുപ്പ് വിദ്യാർത്ഥി ഉജ്വൽ ഉണ്ണി (22KA01NY17) യുടെ പഠനകാലയളവ്, പരീക്ഷാഫലം, പുനഃപ്രവേശനം എന്നിവ പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് സംബന്ധിച്ച് (No. 03576/ SOEXAMC/SSUS/2025(1))

(1), (2) അംഗീകരിച്ചു. ടി വിഷയം പഠിക്കാൻ അഡ്വ. കെ.ബി. സാബു, ഡോ. കെ.ഉണ്ണികൃഷ്ണൻ, ഡോ. വിനീത് ആർ.എസ്. എന്നിവരടങ്ങുന്ന മൂന്നംഗ സബ്കമ്മിറ്റിയെ വയ്ക്കാൻ തീരുമാനിച്ചു.

**Item No. 6**

സോഷ്യൽ വർക്ക് വിഭാഗം - Faculty Development Program (FDP) സംഘടിപ്പിച്ചതും കോർഡിനേറ്റർ മാറിയതും റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് (No. 00585/ ACDC1/ SSUS/2026(1)

സാധൂകരിച്ചു. ഇനി ഇത് ആവർത്തിക്കാതിരിക്കാൻ സിൻഡിക്കേറ്റ് ആവശ്യപ്പെടുകയും ഇതുമായി ബന്ധപ്പെട്ട് സർക്കുലർ ഇറക്കുവാനും തീരുമാനിച്ചു.

**Item No. 7**

2025-2026 ധനകാര്യ വർഷത്തിലെ നാലാം പാദത്തിലെ (01.01.2026-31.03.2026) ഭവിഷ്യനിധി നിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് നടപ്പിലാക്കുന്നത് സംബന്ധിച്ച് (No. 02867/BILLA3/SSUS/2023(1))

സാധൂകരിച്ചു

**Item No. 8**

മലയാളം വിഭാഗത്തിലെ 2025-26 അക്കാദമിക വർഷം നടത്തേണ്ട സെമിനാർ വിഷയത്തിൽ മാറ്റം വരുത്തിയത് റിപ്പോർട്ട് ചെയ്യുന്നു.(No. 00745/ACDC1/SSUS/2026(2))

സാധൂകരിച്ചു

**Item No.9**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ കൂടിയാട്ടത്തിൽ പുതിയ അക്കാദമിക് പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഡോ. അമ്മന്നൂർ രജനീഷ് ചാക്യാർ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനം സംബന്ധിച്ച് (No. 00741/ ACDB1/SSUS/2025(1))

വകുപ്പ് മേധാവിയുടെ ശിപാർശ അംഗീകരിക്കുവാനും വിശദമായ കത്ത് സർക്കാരിലേക്ക് അയക്കുവാനും തീരുമാനിച്ചു

**Item No 10**

Centre for Skill Development Courses and Career Planning (CSDCCP) ഡയറക്ടർ സ്ഥാനത്തിൽ നിന്നും ഡോ. ദിനു എം ആർ -നെ വിടുതൽ ചെയ്യുകയും പകരം ഡോ. പദ്മദാസ് കെ എൽ -നെ 30.04.2026 വരെ നിയമിക്കുകയും, തുടർന്ന് 01.05.2026 മുതൽ ഡോ.ബിജു വിൻസെന്റ് -നെ ഡയറക്ടറായി നിയമിച്ചും ഉത്തരവ് പുറപ്പെടുവിച്ചിത് സിൻഡിക്കേറ്റിന്റെ സാധൂകരണത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച് (No. 01059/ ACDB1/ SSUS/2025(2))

പുതിയ നിയമനം നടത്തുവാനും അതു വരെ ഡോ.ബിജു വിൻസെന്റ് നെ തുടരുവാനും തീരുമാനിച്ചു.

**Item No 11**

ചിത്രകല പഠന വകുപ്പിലെ നോൺ യു.ജി.സി ലക്ചറർ ആയിരുന്ന ശ്രീ.സതീഷ് കുമാർ കെ എ ഓൺലൈനായി ക്ലാസെടുത്ത ദിവസങ്ങളിലെ ശമ്പളം നൽകുന്നത് സംബന്ധിച്ച് (No. Bill A/12219/SSUS/Attendance/2021-22)

ടി വിഷയം വിശദമായി പഠിക്കുവാനും ഡോ. ജിനിത കെ.എസ്., ഡോ രാധാകൃഷ്ണൻ പി., ശ്രീ. കെ.കെ. കൃഷ്ണകുമാർ എന്നിവരടങ്ങുന്ന മൂന്നംഗ സമിതിയെ നിയോഗിക്കുവാനും ശ്രീ സതീഷ് കുമാറിന്റെ ഭാഗം കേൾക്കുവാനും തീരുമാനിച്ചു.

**Item No. 12**

M/S Ethos Books & Publications സർവകലാശാലയ്ക്ക് നൽകാനുള്ള ഹൈന്ദവ ധർമ്മ സുധാകരത്തിന്റെ ബാക്കി 4 വോള്യങ്ങൾ ലഭ്യമാക്കുന്നതിന് പുതുക്കിയ സമയക്രമം നിശ്ചയിച്ചതിനാൽ ഈതൊസുമായി പുതുക്കിയ കരാറിലേർപ്പെട്ടത് സാധൂകരിക്കുന്നത് സംബന്ധിച്ച് (No. 03622/LEG1/SSUS/2025(1))

2016 ജനവരി 1 മുതൽ 2026 ജനവരി 1 വരെ സർവ്വകലാശാലക്ക് അകത്തും പുറത്തും പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ സാമ്പത്തികം ഉൾപ്പെടെയുള്ള വിവരം അടുത്ത ഏഴ് ദിവസത്തിനകം സിൻഡിക്കേറ്റിന് സമർപ്പിക്കുവാൻ ഫിനാൻസ് ഓഫീസർക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു. അതിനു ശേഷം വിശദമായ പഠനത്തിന് ഫിനാൻസ് സബ്കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.

**Item No. 13**

പി എച്ച് ഡി പ്രവേശന പരീക്ഷകളും ഗവേഷണ സംബന്ധമായ അക്കാദമിക് സമർപ്പണങ്ങളും ഇംഗ്ലീഷിനൊപ്പം മാതൃഭാഷയിലും അനുവദിക്കുന്നതിനായി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച് (No. 01441/ ACDA1/ SSUS/2025(2))

വിശദമായി പഠിച്ച് നിർദ്ദേശം നൽകുവാൻ അക്കാദമിക് & റിസർച്ച് സബ് കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.

**Item No. 14**

ഓഫ്‌ലൈൻ മോഡിൽ ക്ലാസുകൾ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ഒന്നാം വർഷ MA ഹിന്ദി വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷ (No. 04579/ ACDB1/SSUS/2025(1))

അംഗീകരിച്ചു. ടി വിഷയം വിശദമായി പഠിച്ച് SCOL ന്റെ ആഭിമുഖ്യത്തിൽ പുതിയ ഓൺലൈൻ പ്രോഗ്രാമുകൾ ആരംഭിക്കുവാൻ ശിപാർശ ചെയ്തു. ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനം വൈകിയത് മൂലം

നഷ്ടപ്പെട്ട ക്ലാസുകൾ compensate ചെയ്യുന്നതിനായി സർക്കുലർ ഇറക്കുവാൻ തീരുമാനിച്ചു. നിലവിലെ സിൻഡിക്കേറ്റ് തീരുമാനമനുസരിച്ചുള്ള അധ്യാപക വിദ്യാർത്ഥി റേഷ്യോ നിലനിർത്തുവാനും തിരൂർ സെന്ററിലെ വ്യാകരണം, അറബിക് കാലടി സെന്ററിലെ തിയേറ്റർ എന്നീ വിഭാഗങ്ങൾക്ക് അധികമായി ഗസ്റ്റ് അധ്യാപകരെ നിയമിക്കുവാനും തീരുമാനിച്ചു.

**Item No. 15**

"Jaiminiya Samaveda Samhitha – Kerala Nampoothiri Version: An Interactive Multimedia" -യുടെ വില നിശ്ചയിച്ച നടപടിക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച് (No. 03058/ PLD1/SSUS/2025(1))

പ്ലാനിംഗ് & ഡെവലപ്മെന്റ് കമ്മിറ്റിയുടെ വിശദ പഠനത്തിന് സമർപ്പിക്കുവാൻ തീരുമാനിച്ചു

**Item No. 16**

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിൽ ലേഡീസ് ഹോസ്റ്റൽ കെട്ടിട നിർമ്മാണവും മറ്റ് അനുബന്ധ വികസന പ്രവർത്തനങ്ങളും - 2027-28 സാമ്പത്തിക വർഷത്തെ പ്രൊപ്പോസലിൽ ഉൾപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭ്യമാക്കി നടപ്പാക്കുന്നത്- റിപ്പോർട്ട് ചെയ്യുന്നത് (No.02489/ENGG3/SSUS/2025(1))

2027-28 സാമ്പത്തിക വർഷത്തെ പ്രൊപ്പോസൽ ആയതു കൊണ്ട് പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**Item No. 17**

സർവകലാശാലയിലെ അസിസ്റ്റന്റ് നിയമനം സംബന്ധിച്ച കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ തടസ്സവാദം-സർക്കാരിന്റെ മറുപടി- സംബന്ധിച്ച്. ( No. Ad.B/9193/SSUS/2018)
സാധൂകരിച്ചു

**Item No. 18**

സർവകലാശാലയുടെ 2024-25 സാമ്പത്തിക വർഷത്തെ A G ഓഡിറ്റ് റിപ്പോർട്ട് സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത്- സംബന്ധിച്ച്. (No.04006/IA2/SSUS/2025(1))
സാധൂകരിച്ചു

## Item No. 19

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടിയും കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചും (KCHR) തമ്മിൽ കരട് Memorandum of Understanding (MoU) ഒപ്പു വെച്ച് കരാറിലേർപ്പെടുന്നത്- സംബന്ധിച്ച് (No. 00854/ACDB3/SSUS/2021(1))

കേരളത്തിലെ എല്ലാ കോളേജുകളിലും പഠിക്കുന്ന നാല് വർഷ ബിരുദ വിദ്യാർത്ഥികൾക്കായി സർവ്വകലാശാലയിലെ എല്ലാ പഠന വകുപ്പുകളിലും യു.ജി. ഇന്റേൺഷിപ്പ് പ്രോഗ്രാം നടത്തുന്നതിനും ഫീസ് ആയി 2000/- രൂപ നിശ്ചയിക്കുവാനും തീരുമാനിച്ചു.

## Item No 20

യു ജി സി പുറപ്പെടുവിക്കുന്ന റഗുലേഷനുകളിലെ വ്യവസ്ഥകൾ ബാധകമാകുമെന്ന് വ്യവസ്ഥ ചെയ്യുന്ന സ്റ്റാറ്റ്യൂട്ട് ഭേദഗതി സംബന്ധിച്ച് (No. 02045/LEG1/SSUS/2025(1))

സ്റ്റാന്റിംഗ് കൗൺസിൽ ചെയർമാന്റെ നേതൃത്വത്തിൽ സ്റ്റാറ്റ്യൂട്ട് അമെന്റ്മെന്റിന് മുന്നോടിയായി സിൻഡിക്കേറ്റ് അംഗങ്ങൾക്ക് ഒരു ഏകദിന ശിൽപശാല നടത്താൻ തീരുമാനിച്ചു.

## Item No. 21

സർവകലാശാല പണം ഉപയോഗിച്ച് നിർമിച്ച നാടക സെറ്റ്, costume എന്നിവ ക്യാമ്പസ്/സർവകലാശാല കലോത്സവത്തിനായി ഉപയോഗിക്കരുതെന്നും, പൊതുവായ ഉപയോഗത്തിന് അനുവദിക്കേണ്ടതാണെന്നുള്ള നിർദേശം സർവകലാശാല യൂണിയൻ കലോത്സവത്തിന്റെ നിലവിലെ ബൈലോ (2015) യിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് (No. 00609/SSC2/SSUS/2026(1))

സർവകലാശാല പണം ഉപയോഗിച്ച് നിർമിച്ച നാടക സെറ്റ്, costume എന്നിവ ക്യാമ്പസ്/സർവകലാശാല കലോത്സവത്തിനായി ഉപയോഗിക്കരുതെന്നും, പൊതുവായ ഉപയോഗത്തിന് അനുവദിക്കേണ്ടതാണ് എന്നും നിലവിലെ ബൈലോ 2015 അപ്രകാരം ഭേദഗതി വരുത്തുന്നതിനും തീരുമാനിച്ചു.

## Item No. 22

2025-2026 അധ്യയന വർഷം ആക്സസ് സ്കോളർഷിപ്പ് അനുവദിക്കുന്നത്-സംബന്ധിച്ച്. (No.03366/ACDC2/SSUS/2024(2))

ഏഴാമത്തെ ഐറ്റം തിരുത്തലുകൾക്ക് വിധേയമായി സാധൂകരിക്കുന്നതാണ്.

**Item No. 23**

തിരൂർ പ്രാദേശിക കേന്ദ്രത്തിൽ വിദ്യാർത്ഥികൾക്കായി സൗജന്യ വൈഫൈ കണക്ഷൻ സ്ഥാപിക്കുന്നത്-സംബന്ധിച്ച്. (No.00986/ENGG3/SSUS/2026(1))

അംഗീകരിച്ചു.

**Item No. 24**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ അക്കാദമിക പ്രോഗ്രാമുകളുടെ പുനഃക്രമീകരണം - സംബന്ധിച്ച്. (No.01047/ACDB1/SSUS/2026(1))

ടി വിഷയം പഠിക്കുന്നതിനായി അക്കാദമിക് & റിസർച്ച് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**Item No. 25**

ഡയറക്ടർ, സ്റ്റുഡന്റ്സ് സർവ്വീസ്-നെ സർവ്വകലാശാല ക്ലീനിംഗ് മോണിറ്ററിംഗ് ചുമതലകളിൽ നിന്നും മാറ്റുന്നത് - സംബന്ധിച്ച് (No.03835/ADB3/SSUS/2025(1))

ടി വിഷയം പഠിക്കുന്നതിനായി സ്റ്റാഫ് & ലീഗൽ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**Item No. 26**

സർവകലാശാലയിൽ Centre for Democratic Knowledges and Praxes സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ - സംബന്ധിച്ച്.(No.04778/ACDB1/SSUS/2025(1))

പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**Item No. 27**

_2012 അഡ്മിഷൻ പയ്യന്നൂർ പ്രാദേശിക കേന്ദ്രം എം.എ ഹിന്ദി വിദ്യാർത്ഥിയായിരുന്ന അരുൺ കുമാർ സി (12PY03HN02) ക്ക് പ്രോഗ്രാം പൂർത്തീകരിക്കാൻ അനുമതി നൽകുന്നത് സംബന്ധിച്ച് (No. 00572/ACDB3/SSUS/2026(1))

സ്പെഷ്യൽ കേസായി പരിഗണിച്ച് authenticity പരിശോധിച്ച ശേഷം മേഴ്സി ചാൻസ് പരീക്ഷ നടത്തി പ്രോഗ്രാം പൂർത്തീകരിക്കാൻ അനുമതി നൽകി.

**Item No. 28**

UG/PG/PhD Admission Manual – അംഗീകരിക്കുന്നത് - സംബന്ധിച്ച് (No. 00782/ ACDB2/ SSUS/2025(1))

ടി വിഷയം പഠിക്കുന്നതിനായി അക്കാദമിക് & റിസർച്ച് സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**Item No. 29**

2015 ബി എ റഗുലേഷൻ ബാധകമായിട്ടുള്ള വിദ്യാർത്ഥികൾക്ക് മേഴ്സി ചാൻസ് അനുവദിക്കുന്നത് സംബന്ധിച്ച് (No. 04464/ACDB3/SSUS/2025 (2))

അശ്വതി എൻ ഉണ്ണി-യ്ക്ക് പരീക്ഷ എഴുതുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം genuine ആണെങ്കിൽ അപേക്ഷ പരിഗണിക്കുവാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No 30**

കായിക വിഭാഗം -കോച്ചിനും, അസിസ്റ്റന്റ് കോച്ചിനും മറ്റ് പരിശീലകർക്കും നൽകുന്ന പ്രതിഫലം വർധിപ്പിക്കുന്നത് - സംബന്ധിച്ച് (No.04015/SSC2/SSUS/2025 (1))
അംഗീകരിച്ചു.

**Item No. 31**

മോഹിനിയാട്ടം പഠന വകുപ്പിലെ സർട്ടിഫിക്കറ്റ് കോഴ്സ് പുനരാരംഭിക്കുന്നത് സംബന്ധിച്ച് (No. 04709/ACDB1/SSUS/2025(1))
മാറ്റി വച്ചു.

**Item No. 32**

സർവകലാശാല വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തു നൽകുന്ന അപേക്ഷ ഫോമുകൾക്ക് ഫീസ് നിശ്ചയിക്കുന്നത് സംബന്ധിച്ച് (No. 04445/ACDC2/SSUS/2025(1))

മാറ്റി വച്ചു.

**Item No. 33**

ഹെഡ്ഷിപ് വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നത് സംബന്ധിച്ച് (No. 01584/ ADA3/SSUS/2024(1))

മാറ്റി വച്ചു.

**Item No. 34**

സർവകലാശാല ക്യാമ്പസ്സിലെ രാഷ്ട്രീയ പ്രവർത്തനം റെഗുലേറ്റ് ചെയ്യുന്നതിനായി നയം രൂപീകരിക്കുന്നത് സംബന്ധിച്ച് (No. 04656/LEG1/SSUS/2025(1))

മാറ്റി വച്ചു.

**Item No. 35**

അനദ്ധ്യാപക ജീവനക്കാർക്കായി പണികഴിപ്പിച്ച ക്വാർട്ടേഴ്സിന്റെ വാടകയുമായി ബന്ധപ്പെട്ട ടൈപ്പ് II, ടൈപ്പ് III ക്വാർട്ടേഴ്സിൽ താമസിക്കുന്ന ജീവനക്കാരുടെ നിവേദനം സംബന്ധിച്ച് (No. 01225/ADB2/SSUS/2025)

മാറ്റി വച്ചു.

**Item No.36**

സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട നിരീക്ഷണകാലം സംബന്ധിച്ചും, റിസർച്ച് ഡയറക്ടറേറ്റിന്റെ രൂപീകരണം സംബന്ധിച്ചും സ്റ്റാറ്റ്യൂട്ട് ഭേദഗതി നിർദേശിക്കുന്നത് സംബന്ധിച്ച് (No. 03082/ LEG1/SSUS/2023(1))

മാറ്റി വച്ചു.

**Item No. 37**

പയ്യന്നൂർ പ്രാദശിക കേന്ദ്രത്തിലെ അക്കാദമിക് കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്നതിനുള്ള water proofing പ്രവർത്തിക്കായി m/s SOLVIT Water proofing എന്ന സ്ഥാപനം നൽകിയിരിക്കുന്ന എസ്റ്റിമേറ്റ് അംഗീകരിക്കുന്നത്- സംബന്ധിച്ച് (No. 00491/ ENGG3/ SSUS/ 2024(1))

മാറ്റി വച്ചു.

**Item No. 38**

സംസ്കൃത സർവകലാശാല മുഖ്യ കേന്ദ്രത്തിലെ ലൈബ്രറിയ്ക്കും മീഡിയ സെന്ററിനും ഇടയിലുള്ള വഴിയിൽ പേവർ ടൈൽ വിരിക്കുന്ന പ്രവർത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുന്നത്- പരിഗണനയ്ക്കായി (No.02289/ENGG3/SSUS/2024(1))

മാറ്റി വച്ചു.

**Item No.39**

സർവകലാശാലയുടെ പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ wifi Connectivity ലഭ്യമാക്കുന്ന പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി നിർവ്വഹിക്കുന്നതിന് PWD യെ നിയോഗിക്കുന്നതിനും, PWD തയ്യാറാക്കിയ 13.91 ലക്ഷം (GST ഉൾപ്പെടെ) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും (No. 02911/ENGG1/SSUS/2024(1))

മാറ്റി വച്ചു.

**Item No. 40**

2024-ലെ അദാലത്തിൽ പങ്കെടുത്ത ഗവേഷകനായ ജയദേവൻ എ പി -യ്ക്ക് പ്രബന്ധ സമർപ്പണത്തിന് സമയം ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച് (No. 04388/ ACDA2/ SSUS/2025(2))

മാറ്റി വച്ചു.

**Item No. 41**

ഹോസ്റ്റൽ നിയമാവലി പരിഷ്കരണ കമ്മറ്റി മാറ്റങ്ങളും ഹോസ്റ്റൽ അധിഷ്ഠിതമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ പരിശോധിക്കുന്നതിനും വിശദ പഠനത്തിനും നിയോഗിച്ച കമ്മറ്റി റിപ്പോർട്ട് സംബന്ധിച്ച് (No. 02314/SSC3/SSUS/2025(2)

മാറ്റി വച്ചു.

**Item No. 42**

പി എച്ച് ഡി കോഴ്സ് വർക്കിന് ശേഷം സ്വകാര്യ മേഖലയിൽ ജോലി ലഭിക്കുന്ന ഗവേഷകരുടെ ഗവേഷണം പാർട്ട് ടൈം ആക്കി മാറ്റുന്നത് സംബന്ധിച്ച് (No. 00720/ ACDA2/SSUS/2025 (1))

മാറ്റി വച്ചു.

**Item No. 43**

മെറിറ്റ് സ്കോളർഷിപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ, ബോണ്ട് -വ്യക്തത വരുത്തുന്നത് സംബന്ധിച്ച് (No. 00001/ACDC2/SSUS/2026(1))

മാറ്റി വച്ചു.

**Item No. 44**

2025-2026 അധ്യയന വർഷത്തെ ശ്രീ ശങ്കരാചാര്യ സംസ്കൃത സ്കോളർഷിപ്പ് അനുവദിക്കുന്നത് - സംബന്ധിച്ച് (No. 04389/ACDC2/SSUS/2025(1))

മാറ്റി വച്ചു.

**Item No. 45**

FYUGP-BSW പ്രോഗ്രാം split up of സ്പെഷ്യൽ ഫീയുമായി ബന്ധപ്പെട്ട് സോഷ്യൽ വർക്ക് BoS, Faculty of Arts & Social Science എന്നീ സമിതികളുടെ ശിപാർശകൾ -അംഗീകരിക്കുന്നത് സംബന്ധിച്ച് (No. 00083/ACDC2/SSUS/2026(1))

മാറ്റി വച്ചു.

**Item No. 46**

NIOS മുഖേന +2 പഠനം പൂർത്തിയാക്കിയവർക്ക് സർവകലാശാലയിൽ പഠനം നടത്തുന്നതിന് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നത് സംബന്ധിച്ച് (No. 00629/ ACDA3/ SSUS/2026(1))

മാറ്റി വച്ചു.

**Item No. 47**

പ്രബന്ധം സമർപ്പിക്കാൻ ഫീസില്ലാതെ അധിക സമയം അനുവദിക്കുന്നത് സംബന്ധിച്ച് (No. 02389/ACDA2/SSUS/2025(1))

മാറ്റി വച്ചു.

**Item No. 48**

MSW വിദ്യാർത്ഥികളുടെ പ്രായോഗിക പരിശീലന ആവശ്യകത പരിഗണിച്ച് മൂന്ന് പ്രായോഗിക പരിശീലന വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് (No.00815/ ACDC1/SSUS/2026(1))

മാറ്റി വച്ചു.

**Item No. 49**

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ നിർത്തലാക്കിയ കോഴ്സുകൾ പുന:രാരംഭിക്കുന്നതും, പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ക്യാമ്പസ് ഡയറക്ടറുടെ അപേക്ഷ (No. 00291/ ACDB1/ SSUS/2025(1))

മാറ്റി വച്ചു.

**Item No. 50**

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ FYUGP B.A മലയാളം പ്രോഗ്രാം ആരംഭിക്കുന്നത് സംബന്ധിച്ച് അപേക്ഷ (No. 00109/ACDB1/SSUS/2025(1))

മാറ്റി വച്ചു.

**Item No. 51**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല സ്റ്റാറ്റ്യൂട്ട്സിലെ ചാപ്റ്റർ IV, പാർട്ട് II ലെ സ്റ്റാറ്റ്യൂട്ട് 16 ൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് (No. 03082 /LEG1/ SSUS/2023 (1))

മാറ്റി വച്ചു.

**Item No. 52**

21.05.2025 തീയതിയിലെ 226-മത് സിൻഡിക്കേറ്റ് യോഗം അഡിഷണൽ അജൻഡ ഐറ്റം നമ്പർ 27-ലെ തീരുമാനം പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് (No. 02103/ LEG1/ SSUS/ 2025(1)

മാറ്റി വച്ചു.

**Item No. 53**

സർവകലാശാല സ്റ്റാന്റിംഗ് കൗൺസലിന് വിവിധ നിയമ സേവനങ്ങൾക്കായി ഫീസ് അനുവദിച്ചിട്ടുള്ള 31.08.2022 തീയതിയിലെ LGLS/3774/SSUS/2022 നമ്പർ സർവകലാശാല ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ലാത്ത ഹർജികളിൽ ഫീസ് അംഗീകരിക്കുന്നത് സംബന്ധിച്ച് (No. 00911/LEG1/SSUS/2025(1)

മാറ്റി വച്ചു.

**Item No. 54**

സർവകലാശാല ഫാക്കൽറ്റി ഗസ്റ്റ് ഹൗസിൽ നിലവിലുള്ള ഫർണീച്ചറുകളും അനുബന്ധ സാമഗ്രികളും മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി എഫ് ഐ ടി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് (No. 00578/ EST2/ SSUS/2026(1))

മാറ്റി വച്ചു.

**Item No. 55**

സ്റ്റുഡൻസ് അമിനിറ്റി സെന്ററിന്റെ നിർമ്മാണ കാലാവധി 30.04.2026 വരെ ദീർഘിപ്പിച്ചു നൽകണമെന്നുള്ള കോസ്റ്റ് ഫോർഡിന്റെ അപേക്ഷ സംബന്ധിച്ച് (No. 03726/ENGG3/ SSUS/ 2024(2))

മാറ്റി വച്ചു.

**Item No 56**

ലൈബ്രറി വിഭാഗത്തിന്റെ ഇൻഫ്രാസ്ട്രക്ചർ ആവശ്യങ്ങളും ലൈബ്രറി 2025-26 ൽ കൈക്കൊണ്ട ബുക്ക് പർച്ചേസ് പ്രകാരം ലഭ്യമാക്കുന്ന ബുക്കുകൾ സൂക്ഷിക്കുക ആവശ്യമാണെന്നത് പരിഗണിച്ചും അനുയോജ്യമായ എണ്ണം റാക്കുകൾ അടിയന്തിരമായി വാങ്ങുന്നത് സംബന്ധിച്ച്. (No.02185/EST2/SSUS/2026(1))

മാറ്റി വച്ചു.

**Item No. 57**

ശ്രീ നാരായണ ഗുരു ഓപ്പൺ സർവകലാശാല സെനറ്റിലേക്ക് സംസ്കൃത സർവകലാശാല പ്രതിനിധിയെ നാമനിർദ്ദേശം ചെയ്യുന്നത് - സംബന്ധിച്ച്. (No.02007/ADD1/SSUS/2025(1))

ശ്രീ നാരായണ ഗുരു ഓപ്പൺ സർവകലാശാല സെനറ്റിലേക്ക് സംസ്കൃത സർവകലാശാല പ്രതിനിധിയായി സർവ്വകലാശാല ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറായ ആഷിക്ക് എ ഹഖിനെ നാമനിർദ്ദേശം ചെയ്യാൻ തീരുമാനിച്ചു.

**Item No. 58**

Placement of teachers in the post of Professor, Associate Professor, Assistant Professor with Higher AGP under Career Advancement Scheme in the Department of Philosophy (No.03092/ADD1/SSUS/2025)

തീയതി സംബന്ധിച്ച് സിൻഡിക്കേറ്റിന്റെ സ്റ്റാഫ് & ലീഗൽ സബ് കമ്മിറ്റിയുടെ വിശദ പരിശോധനക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു

## Additional Agenda

**Item No. 59**

ഡോ.ലിസി മാത്യുവിനെതിരെയുള്ള അച്ചടക്ക നടപടി പരിശോധിക്കുന്നത് - സംബന്ധിച്ച്.

മാറ്റി വച്ചു.

**Item No. 60**

ശ്രീ. കലേഷ് എ. ക്ക് നൽകിയ ബി.എഫ്.എ. ബിരുദ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് ശ്രീ.സക്കീർ പി.ബി. ക്ക് മെമ്മോ നൽകിയ നടപടി പരിശോധിക്കുന്നത് - സംബന്ധിച്ച്.

മാറ്റിവച്ചു.

**Item No. 61**

ഭരതനാട്യം വകുപ്പദ്ധ്യക്ഷക്കെതിരെയുള്ള വിദ്യാർത്ഥികളുടെ പരാതിയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് പരിശോധിക്കുന്നത് - സംബന്ധിച്ച്.

മാറ്റിവച്ചു.

**Item No. 62**

2026-2027 പ്രവേശനം MPES, BSW, DMM വിദ്യാർത്ഥികൾക്ക് ഫീസ് തവണകളായി അടയ്ക്കുന്നത് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റ് സാധൂകരണം സംബന്ധിച്ച്. (No.02112/ACDC2/SSUS/2025(1))

മാറ്റി വച്ചു.

**Item No. 63**

സർവകലാശാലയിലെ കരാർ/താത്കാലിക നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധിയും പ്രായപരിധി ഇളവുകളും കേരള സർക്കാർ/കേരള പബ്ലിക് സർവീസ് കമ്മീഷൻ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചയിക്കുന്നത് - അംഗീകാരം സംബന്ധിച്ച്. (No.02547/ADC3/SSUS/2026(1)

മാറ്റി വച്ചു.

**Item No. 64**

സർവകലാശാല ലെയ്സൺ ഓഫീസർ ശ്രീ. പി മനോഹരനെ ചുമതലയിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് സിൻഡിക്കേറ്റിന്റെ സാധൂകരണത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No.01661/ADB2/SSUS/2026(1))

മാറ്റി വച്ചു.

**Item No. 65**

2026-27 അക്കാദമിക് വർഷം - പി.ജി. പ്രവേശനം - തിരൂർ പ്രാദേശിക കേന്ദ്രത്തിൽ എം.എ. അറബിക് പ്രോഗ്രാമിന് 10 സീറ്റുകൾ അധികമായി അനുവദിച്ച നടപടി സിൻഡിക്കേറ്റ് സാധൂകരണത്തിനായി സമർപ്പിക്കുന്നു. (no.02384/ACDB1/SSUS/2026(1))

മാറ്റി വച്ചു.

**Item No. 66**

ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ സ്ഥാനക്കയറ്റാവസരങ്ങളും സേവനപരമായ ആശങ്കകളും സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് - സംബന്ധിച്ച്. (01382/ADB3/SSUS/2026(1))

മാറ്റി വച്ചു.

# Out of Agenda

**Item No. 67**

തിരൂർ പ്രാദേശിക കേന്ദ്രത്തിൽ നിലവിലുള്ള അക്കാദമിക് ബ്ലോക്കിന് മുകളിലായി 12 ക്ലാസ്സ് മുറികളും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നത്-സംബന്ധിച്ച്. (No.02086/ENGG3/SSUS/2024(1))

മാറ്റി വച്ചു.

**Item No. 68**

സർവകലാശാല ഓഡിറ്റോറിയ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് - സംബന്ധിച്ച്. (No.Eng/851/SSUS/2015))

മാറ്റി വച്ചു.

**Item No. 69**

CAS Placement – സംബന്ധിച്ച്.

മാറ്റി വച്ചു.

**tem No. 70**

ശ്രീ മുഹമ്മദ് സാബിക് കെ.വി.യുടെ ഒന്നാം സെമസ്റ്റർ സീറോ സെമസ്റ്റർ ആക്കുന്നതിനുള്ള അപേക്ഷ – ടി അപേക്ഷകൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) No. 27359/ 2026 നമ്പർ റിട്ട് പെറ്റീഷന്റെ സാഹചര്യത്തിൽ - സിൻഡിക്കേറ്റിന്റെ പരിഗ ണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No.04100/ACDB2/SSUS/2025(1))
മാറ്റി വച്ചു.

**Item No. 71**

പബ്ലിക്കേഷൻ വിഭാഗത്തിൽ പ്രസാധന നടപടിക്രമങ്ങൾ - സംബന്ധിച്ച്.
(No. 02752/PUB2/SSUS/2026(1)
മാറ്റി വച്ചു.

## Out of Agenda

1. കഴിഞ്ഞ വർഷത്തെപ്പോലെ ഓണം അഡ്വാൻസായി 20000/- രൂപ അനുവദിക്കാൻ തീരുമാനിച്ചു.
2. ഡിസാസ്റ്റർ മാനേജ്മെന്റിലെ അശ്വിനിയുടെ എലിജിബിലിറ്റി സംബന്ധിച്ച വിഷയത്തിൽ അഫിഡാവിറ്റ് സമർപ്പിക്കുവാൻ തീരുമാനിച്ചു.
3. റൂസയുമായി ബന്ധപ്പെട്ട് ലാപ്സ് എവിടെയാണെന്ന് മനസ്സിലാക്കി കണ്ടെത്തി ഉടൻനടപടി എടുക്കുന്നതിനായി വർക്ക്സ് & പർച്ചേസ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു.
4. സർവകലാശാലയുട ഉദ്ഘാടനം കഴിഞ്ഞിട്ടും ഉപയോഗിക്കാതെ കിടക്കുന്ന വിവിധ കെട്ടിടങ്ങളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി വർക്ക്സ് & പർച്ചേസ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു.
5. സിൻഡിക്കേറ്റിന്റെ വിവിധ സ്ഥിരം സമിതികൾ ചുവടെ വിവരിക്കും പ്രകാരം പുന:സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

**I. Staff & Legal**

| | | |
|---|---|---|
| 1. Dr.Jinitha K.S. | - | Convener |
| 2. Adv.K.B.Sabu | - | Member |
| 3. Sri.K.K.Krishnakumar | - | Member |
| 4. Sri.K.P.Suni | - | Member |
| 5. Dr.Salahudheen P M | - | Member |
| 6. Dr.Vineeth R.S. | - | Member |
| 7. Dr.Sreekala Devi | - | Member |

## II. <u>Finance, Accounts & Audit</u>

| | | |
|---|---|---|
| 1. Sri.K.K.Krishnakumar | - | Convener |
| 2. Adv.K.B.Sabu | - | Member |
| 3. Dr.P.Radhakrishnan | - | Member |
| 4. Sri.Anison K. Joy | - | Member |
| 5. Sri.K.P.Suni | - | Member |
| 6. Dr.K.Unnikrishnan | - | Member |
| 7. Smt.Sindu Antherjanam | - | Member |

## III. <u>Works & Purchase</u>

| | | |
|---|---|---|
| 1. Adv.K.B.Sabu | - | Convener |
| 2. Sri.K.K.Krishnakumar | - | Member |
| 3. Dr.Salahudheen P M | - | Member |
| 4. Sri.K.P.Suni | - | Member |
| 5. Sri.Kiran Reji | - | Member |
| 6. Dr.Vineeth R S | - | Member |
| 7. Dr.Sindu Antherjanam | - | Member |

## IV. <u>Academic & Research</u>

| | | |
|---|---|---|
| 1. Dr.P.Radhakrishnan | - | Convener |
| 2. Dr.Jinitha K S | - | Member |
| 3. Dr.Salahudheen P M | - | Member |
| 4. Sri.Anison K Joy | - | Member |
| 5. Dr.S.Sreekaladevi | - | Member |
| 6. Dr.Vineeth R S | - | Member |
| 7. Adv.K.B.Sabu | - | Member |

## V. <u>Examinations</u>

| | | |
|---|---|---|
| 1. Sri.K.P.Suni | - | Convener |
| 2. Dr.P.Radhakrishnan | - | Member |
| 3. Dr.Jinitha K S | - | Member |
| 4. Dr.Salahudheen P M | - | Member |
| 5. Adv.K.Premkumar MLA | - | Member |
| 6. Dr.S.Sindu Antherjanam | - | Member |
| 7. Dr.S.Sreekaladevi | - | Member |

## VI. <u>Students Welfare</u>

| | | |
|---|---|---|
| 1. Sri.Kiran Reji | - | Convener |
| 2. Dr.Jinitha K S | - | Member |
| 3. Sri.K.K.Krishnakumar | - | Member |
| 4. Adv.K.B.Sabu | - | Member |
| 5. Sri.Anison K Joy | - | Member |
| 6. Dr.Vineeth R S | - | Member |
| 7. Dr.Sindu Antherjanam | - | Member |

**VII. Planning & Development**

1. Sri.Anison K Joy - Convener
2. Sri.K.K.Krishnakumar - Member
3. Adv.K.B.Sabu - Member
4. Sri.K.P.Suni - Member
5. Dr.Jinitha K S - Member
6. Dr.K.Unnikrishnan - Member
7. Dr.S.Sreekaladevi - Member

**VIII. Library**

1. Dr.Salahudheen P M - Convener
2. Adv.K.B.Sabu - Member
3. Sri.Anison K Joy - Member
4. Dr.Radhakrishnan P. - Member
5. Sri.Kiran Reji - Member
6. Dr.Sindu Antherjanam - Member
7. Dr.Unnikrishnan K - Member

**IX. I.T. & Publication**

1. Dr.K.Unnikrishnan - Convener
2. Dr.P.Radhakrishnan - Member
3. Sri.K.K.Krishnakumar - Member
4. Sri.Kiran Reji - Member
5. Sri.Anison K Joy - Member
6. Adv.K.Premkumar MLA - Member
7. Dr.S.Sreekaladevi - Member

6. മാനസ്ക്രിപ്റ്റോളജി വിഭാഗത്തിൽ പ.എച്ച്.ഡി.യ്ക്ക് പ്രവേശനം നേടിയ അഭിജിത്ത് കെ.വി., എം.എസ്.ഡബ്ല്യു. ബിരുദാനന്തര ബിരുദധാരിയായതിനാൽ ടിയാളുടെ പ്രവേശനം പി.എച്ച്.ഡി. മാനദണ്ഡങ്ങൾക്കനുസൃതമാണോ എന്നും പി.എച്ച്.ഡി. പ്രവേശനവുമായി ബന്ധപ്പെട്ട സിനോപ്സിസ് അടക്കമുള്ള രേഖകൾ പരിശോധിക്കുവാനും സിൻഡിക്കേറ്റ് അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**ഒപ്പ്**
**രജിസ്ട്രാർ**

**ഒപ്പ്**
**വൈസ് ചാൻസലർ**